

## ജി.യു.പി. സ്കൂൾ മുണ്ടോത്തുപറമ്പ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

AnyScanner

# ഉള്ളടക്കം


1. ആമുഖം
2. അടിസ്ഥാന വിവരങ്ങൾ
3. ലഘുചരിത്രം
4. നിലവിലെ അവസ്ഥ
5. വിഷയമേഖലകൾ
   - മാതൃഭാഷ
   - ഇംഗ്ലീഷ്
   - ഉപഭാഷകൾ
   - അടിസ്ഥാനശാസ്ത്രം
   - സാമൂഹ്യശാസ്ത്രം
   - ഗണിതം
   - പ്രവൃത്തി പരിചയം
   - കലാവിദ്യാഭ്യാസം
   - കായിക വിദ്യാഭ്യാസം
6. മോണിറ്ററിംഗ്
7. വിദ്യാലയ വികസന സമിതി
8. അനുബന്ധം
9. ക്രോഡീകരണം


AnyScanner

# ആമുഖം

മലപ്പുറം ജില്ലയിൽ കോട്ടയ്ക്കലിനടുത്ത് ഒതുക്കുങ്ങൽ - പറപ്പൂർ പഞ്ചായത്തതിരുകൾ പങ്കിടുന്ന കുഴിപ്പുറം - കവലയിലാണ് മുണ്ടോത്തുപറമ്പ് ഗവ: യു.പി.സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഭൂമിശാസ്ത്രപരമായി പറപ്പൂർ പഞ്ചായത്തിലാണെങ്കിലും ഒതുക്കുങ്ങൽ പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് കൂടിയുള്ള ഏക ഗവ: യു.പി.സ്കൂളാണ് നമ്മുടെ വിദ്യാലയം.

മതനിരപേക്ഷകേരളം രൂപപ്പെടുത്തുന്നതിൽ സുപ്രധാന പങ്കുവഹിച്ച പൊതുവിദ്യാലയങ്ങൾ ഇന്ന് പുതിയ കുതിപ്പിന്റെ പാതയിലാണ്. കേരള മോഡൽ വിദ്യാഭ്യാസ മുന്നേറ്റം ലോകത്തിന് തന്നെ മാതൃകയായ ചരിത്രപശ്ചാത്തലത്തിലാണ് പൊതു വിദ്യാലയങ്ങൾ ശാക്തീകരിക്കുകയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുകയും ചെയ്യുക എന്ന കേരള സർക്കാരിന്റെ പദ്ധതി രൂപപ്പെടുത്തിയിട്ടുള്ളത്. ഈ മഹത്‌യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ അഭിമാന സ്തംഭമായ ഈ സരസ്വതി നിലയത്തിന്റെ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് നമുക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

1974-ൽ ഉത്പതിഷ്ണുക്കളായ ഏതാനും ഗുരുശ്രേഷ്ഠന്മാരുടെയും നല്ലവരായ നാട്ടുകാരുടേയും നേതൃത്വത്തിൽ ആരംഭിച്ച ഈ വിദ്യാലയം പരിമിതികളേയും പരാധീനതകളേയും അതിജീവിച്ച് ഇന്ന് എല്ലാവിധ സംവിധാനങ്ങളും സൗകര്യങ്ങളുമായി ആരേയും അസൂയപ്പെടുത്തുന്ന രീതിയിൽ അഭിമാനപൂർവ്വം പ്രവർത്തിച്ചുവരുന്നു. സംസ്ഥാന സർക്കാരിന്റെയും ത്രിതല ജനപ്രതിനിധികളുടെയും സ്നേഹസമ്പന്നരായ നാട്ടുകാരുടേയും നിർലോഭമായ സംഭാവനകളാണ് നമ്മുടെ സ്ഥാപനത്തെ ഈ നിലയിൽ ഉയർത്തിയത്.

സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തെ നിശ്ചയദാർഢ്യവും ധൈര്യവും കൊണ്ട് മാത്രം നേരിട്ട് മലബാറിനെ വിറപ്പിച്ച സ്വാതന്ത്ര്യസമരത്തിന്റെ പോരാട്ടവീര്യം നെഞ്ചിലേറ്റിയ കുഴിപ്പുറത്തിന്റെയും പറപ്പൂരിന്റെയും നിഷ്കളങ്കരും നിസ്വരുമായ ജനങ്ങളാണ് നമ്മുടെ സ്ഥാപനത്തിന്റെ കരുത്ത്. സാമൂഹ്യസേവന പ്രവർത്തനങ്ങളിലും രാഷ്ട്രീയ പ്രവർത്തനങ്ങളിലും സജീവമായ സാന്നിധ്യം ഈ പ്രദേശത്തിന്റെ പ്രത്യേകതയാണ്. ഇവിടെ പ്രവർത്തിക്കുന്ന ക്ലബ്ബുകളും നാടകസംഘങ്ങളും നമ്മുടെ സ്ഥാപനത്തിന്റെ ഉയർച്ചയിൽ തനതായ പങ്ക് വഹിച്ചിട്ടുണ്ട്. സാമൂഹ്യരാഷ്ട്രീയ കക്ഷി ഭേദങ്ങളെല്ലാം മറന്ന് പൊതു വിദ്യാലയത്തിന്റെ ഉയർച്ചക്കും വളർച്ചക്കും വേണ്ടി നിൽക്കാനുള്ള നാട്ടുകാരുടെ നല്ല മനസ്സിനെ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്.

മഴക്കാലത്തെയും ക്ലാസ്മുറികളുടെ അപര്യാപ്തതകളെയും പേടിച്ചിരുന്ന പഴയകാലം ഇനി ഓർമ്മകളിൽ മാത്രം. ആ പഴയകാലത്തും ഈ സ്ഥാപനത്തിന് വേണ്ടി ഓടി നടന്ന ത്യാഗികളായ മഹാനുഭാവരെ ഈ സന്ദർഭത്തിൽ പ്രാർത്ഥനാപൂർവ്വം സ്മരിക്കുന്നു. ഭൗതികസൗകര്യങ്ങളുടെ വളർച്ചയിലും അക്കാദമിക പ്രവർത്തനങ്ങളിലും വിദ്യാലയം വൻമുന്നേറ്റം നടത്തിയിട്ടുണ്ട്.



AnyScanner

ആധുനിക സൗകര്യങ്ങളോട് കൂടിയ ബിൽഡിംഗുകൾ, സംസ്ഥാനബജറ്റിൽ ഉൾപ്പെടുത്തി നിർമ്മിച്ച ഉദ്ഘാടനം കാത്തിരിക്കുന്ന ഹാൾ കം ക്ലാസ് റൂം കെട്ടിടം, 38 മുറികളുള്ള വിദ്യാർത്ഥി സൗഹൃദടോയ്‌ലെറ്റ് സമുച്ചയം എന്നിവ ഒരു ഹയർ സെക്കന്ററി സ്കൂളിന്റെ തലയെടുപ്പ് കാണിക്കുന്നു.

വൈജ്ഞാനിക വളർച്ചക്കൊപ്പം ശാരീരിക മാനസിക വളർച്ചക്കാവശ്യമായ വിശാലമായ പ്ലേഗ്രൗണ്ട്. ഗവ: നിശ്ചയിച്ച മെനു അനുസരിച്ചുള്ള ഉച്ചഭക്ഷണപരിപാടി, പാൽ, കോഴിമുട്ട എന്നിവയുടെ മുടങ്ങാതെയുള്ള വിതരണം എന്നിവ പ്രത്യേകം എടുത്തുപറയേണ്ടതാണ്.

വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തികൊണ്ടുവരുന്നതിന് വേണ്ടി അധ്യായന വർഷത്തിന്റെ തുടക്കത്തിൽ വാർഷിക പദ്ധതി തയ്യാറാക്കുന്നു. ജനറൽ എസ്.ആർ.ജി, സബ്ജക്ട് എസ്.ആർ.ജികൾ ടേം പരീക്ഷകൾ, ഓരോ യൂണിറ്റിന്റെയും പരീക്ഷകൾ, നിരന്തരമുള്ള മൂല്യനിർണയം, (CE) കാര്യക്ഷമമായ രക്ഷാകർതൃ സംഗമങ്ങൾ, മലയാള ഭാഷയിലുള്ള വിദ്യാർത്ഥി ശാക്തീകരണത്തിന് **'അക്ഷര വെളിച്ചം'** പദ്ധതി, BRC യുടെ നേതൃത്വത്തിലുള്ള **'മലയാളത്തിളക്കം'** എന്നിവ കാര്യക്ഷമമായി നടന്നു വരുന്നു.

മലയാളം, അറബി, ഉറുദു, ഇംഗ്ലീഷ്, ഹിന്ദി, ശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഗണിതം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട ക്ലബുകൾ സംഘടിപ്പിക്കുന്ന വിവിധ പ്രവർത്തനങ്ങൾക്ക് പുറമെ വിദ്യാരംഗം കലാസാഹിത്യവേദി, ഗാന്ധിദർശൻ ക്ലബ്, പരിസ്ഥിതി ക്ലബ്, ജലനിധി ക്ലബ് മുതലായ ക്ലബുകളുടെ കീഴിൽ ശില്പശാലകൾ, അഭിമുഖപരിപാടികൾ, ഫീൽഡ് ട്രിപ്പുകൾ, ജൈവവൈവിദ്ധ്യപാർക്കിന്റെ പരിപാലനം തുടങ്ങിയവ നടന്നുകൊണ്ടിരിക്കുന്നു. എല്ലാ വർഷാവസാനവും സാമൂഹ്യശാസ്ത്രം, സയൻസ്, ഗണിതം, പ്രവൃത്തി പരിചയം, കല എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് പ്രദർശനങ്ങൾ നടത്തി അർഹരായ കുട്ടികൾക്ക് സമ്മാനങ്ങൾ നൽകുന്നു. സ്കൂൾ തലത്തിലും സബ്ജില്ലാ തലത്തിലും കലാകായിക പ്രതിഭകൾക്ക് ട്രോഫികളും സമ്മാനങ്ങളും നൽകി ആദരിക്കുന്നു. 2017-18 വർഷത്തെ സബ്ജില്ലാ തല കായിക മത്സരത്തിൽ രണ്ടാം സ്ഥാനം നേടി വിദ്യാലയം തിളങ്ങി നിൽക്കുന്നു. ഉച്ച വിശ്രമസമയത്ത് വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും ഹരമായി മാറിയ റേഡിയോ പ്രക്ഷേപണ പരിപാടി **'പതനത്തപ്രക്ഷേപിണി'** വിജയകരമായി മുന്നോട്ട് പോകുന്നു.

വിശാലമായ സ്മാർട്ട് ക്ലാസ് മുറി, കമ്പ്യൂട്ടർ ലാബ്, ജില്ലയിലെ ഏറ്റവും നല്ല ലാബിനുള്ള ഗലീലിയോ പുരസ്കാരം നേടിയ സയൻസ് ലാബ്. ജില്ലയിൽ ഒരു വിദ്യാലയത്തിൽ മാത്രമുള്ള ഉപഗ്രഹ നിയന്ത്രിത ടെലസ്കോപ്പ്, ഫിൽറ്റർ ചെയ്തതും തണുപ്പിച്ചതുമായ കുടിവെള്ള സൗകര്യം എന്നിവ ഈ വിദ്യാലയത്തിന്റെ മികവുകളാണ്. **'ദിനംപ്രതി ഒരു വിജയി'** മത്സരം, പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കുള്ള പ്രത്യേക പരിശീലനങ്ങൾ, പ്രതിഭകൾക്കും USS പരീക്ഷാർത്ഥികൾക്കുമുള്ള പരിശീലനങ്ങൾ, ഇംഗ്ലീഷ് മീഡിയം ഡിവിഷനുകൾ, സ്കൂൾ ബസ്സ്, എല്ലാ ക്ലാസ് റൂമുകളിലും രണ്ടു വീതം ഫാനുകൾ, വായനയുടെ

ലോകത്തേക്ക് കൈപിടിച്ച് ഉയർത്തുന്നതിനുള്ള വിശാലമായ ലൈബ്രറി, ടൈൽ പാകിയ നിലം, സെൻട്രലൈസ്ഡ് ഓഡിയോ സിസ്റ്റം, വിദ്യാർത്ഥികളുടെ ബർത്ത്ഡേക്ക് ഒരു പുസ്തകം ലൈബ്രറിയിലേക്ക് എന്നീ നവീന പദ്ധതികൾ വിദ്യാലയത്തിന്റെ അക്കാദമിക്ക് പ്രവർത്തനങ്ങൾക്ക് മാറ്റ് കൂട്ടുന്നു. കൂടാതെ ഇംഗ്ലീഷ് ക്ലബിന്റെ നവീനപദ്ധതി **'ദിനംപ്രതി ഒരു ഇംഗ്ലീഷ് വാക്ക്'** വേറിട്ട ഒര നുഭവം തന്നെയാണ്.

എല്ലാവർഷവും ഉല്ലാസകരവും വിജ്ഞാനപ്രദവുമായ പഠനയാത്രകൾ സംഘടിപ്പിക്കുന്നു. സ്കൂൾ ബസ് ഉപയോഗപ്പെടുത്തി ജില്ലയിലെ വിവിധ കേന്ദ്ര ങ്ങളിലേക്ക് വെള്ളിയാഴ്ചകളിൽ നടത്തുന്ന ഫീൽഡ് ട്രിപ്പുകൾക്കു സഹായഹ സ്തവുമായി എത്തുന്ന അധ്യാപകർ പ്രത്യേകം നന്ദിയും അഭിനന്ദനവും അർഹി ക്കുന്നു.

വർഷങ്ങളായി നേടിയ അക്കാദമികവും ഭൗതീകവുമായ മികവുകളാൽ മറ്റു വിദ്യാലയങ്ങളിൽ നിന്നും വ്യത്യസ്തത പുലർത്താൻ നമുക്ക് കഴിയുന്നു ണ്ടെങ്കിലും ആധുനികമായ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയരണമെങ്കിൽ കടമ്പകൾ ഏറെ കടക്കാനുണ്ട്.

എല്ലാ ക്ലാസ് മുറികളും ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയ സ്മാർട്ട് റൂമു കളാക്കേണ്ടതാണ്. ഉച്ചഭക്ഷണ പരിപാടിയോടൊപ്പം പ്രഭാതഭക്ഷണ പരിപാടിയും ആരംഭിക്കാൻ നമുക്ക് കഴിയണം. കലാകായിക മത്സരങ്ങളിൽ കുട്ടികൾക്ക് കൂടു തൽ അവസരങ്ങൾ തുറക്കാനും ജില്ലയിലെ തന്നെ മികച്ച വിദ്യാലയമായി വളർത്താൻ നമുക്ക് കഴിയണം. സാമൂഹ്യ പങ്കാളിത്തം വർദ്ധിപ്പിച്ച് സമൂഹത്തിന്റെ വിവിധ തലങ്ങളിൽ ഇടപെട്ട് സാമൂഹ്യ പുരോഗതിയുടെ ചാലകശക്തിയായി മാറാൻ നമ്മുടെ വിദ്യാലയത്തിന് കഴിയട്ടെ. അതിനുതകുന്ന അക്കാദമിക് മാസ്റ്റർപ്ലാനാണ് ഇത്.

കുട്ടികളുടെ സർവ്വതോൻമുഖമായ വികാസത്തോടൊപ്പം സമൂഹത്തിന് നേതൃത്വപരമായ ദിശാബോധം നൽകുന്നതും സാമൂഹ്യ പ്രശ്നങ്ങളിൽ ക്രിയാ ത്മകമായി ഇടപെടുന്നതുമായ ജനകീയ ശക്തിയായി വിദ്യാലയത്തെ മാറ്റിയെടു ക്കണം നമ്മുടെ സ്കൂളിന്റെ ലക്ഷ്യവും ദർശനവും ഇത് തന്നെയാണ്.

നമ്മുടെ വിദ്യാലയത്തിന്റെ സമഗ്രമായ വികാസത്തിനും വളർച്ചക്കും സഹാ യിച്ച മുൻവർഷങ്ങളിൽ വിദ്യാലയം വിട്ടുപോയ മുഴുവൻ ഗുരുശ്രേഷ്ഠരേയും നന്ദിപൂർവ്വം സ്മരിക്കുന്നു. അതുപോലെ ഇന്ന് നമ്മുടെ പാഠ്യപാഠ്യേതര പ്രവർത്ത നങ്ങളിൽ വിദ്യാലയത്തോടൊപ്പം നിൽക്കുന്ന അധ്യാപക സുഹൃത്തുക്കളെ അഭി നന്ദിക്കുകയും നന്ദിപൂർവ്വം സ്മരിക്കുകയും ചെയ്യുന്നു. വിദ്യാലയത്തിന്റെ വളർച്ച യിൽ നെടുംതൂണുകളായി പ്രവർത്തിച്ച പി.ടി.എയും നാട്ടുകാരെയും പൊതു പ്രവർത്തകരെയും പ്രത്യേകം സ്മരിച്ചുകൊണ്ട്, ഒരു നല്ല നാളേക്ക് വേണ്ടി നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.



AnyScanner

# അടിസ്ഥാന വിവരങ്ങൾ

| | | | |
|---|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | : | ഗവ.യു.പി.സ്കൂൾ മുണ്ടോത്തുപറമ്പ് |
| 2. | വിലാസം | : | കുഴിപ്പുറം കവല, ഒതുക്കുങ്ങൽ (വി... |
| | | | മലപ്പുറം – 676 528 |
| 3. | ഫോൺ | : | 0483 – 2838482 |
| 4. | സ്കൂൾ കോഡ് | : | 19881 |
| 5. | വിദ്യാഭ്യാസ ഉപജില്ല | : | വേങ്ങര |
| 6. | വിദ്യാഭ്യാസ ജില്ല | : | തിരൂരങ്ങാടി |
| 7. | റവന്യൂ ജില്ല | : | മലപ്പുറം |
| 8. | ബി.ആർസി | : | വേങ്ങര |
| 9. | സി.ആർ.സി | : | കുറ്റിത്തറമ്മൽ |
| 10. | ഗ്രാമപഞ്ചായത്ത് | : | പറപ്പൂർ |
| 11. | വാർഡ് | : | 9 |
| 12. | ബ്ലോക്ക് പഞ്ചായത്ത് | : | വേങ്ങര |
| 13. | ജില്ലാ പഞ്ചായത്ത് | : | മലപ്പുറം |
| 14. | നിയമസഭാ മണ്ഡലം | : | വേങ്ങര |
| 15. | ലോകസഭാമണ്ഡലം | : | മലപ്പുറം |
| 16. | താലൂക്ക് | : | തിരൂരങ്ങാടി |
| 17. | വില്ലേജ് | : | പറപ്പൂർ |
| 18. | ഇ.മെയിൽ | : | gupsmundothuparamba@gmail.com |

AnyScanner

## നമ്മുടെ വിദ്യാലയം – ചരിത്രത്തിലൂടെ

കടലുണ്ടിപ്പുഴ അതിരിടുന്ന പറപ്പൂരിന് സുദീർഘമായ ചരിത്രമുണ്ട്. ഇന്ത്യയുടെ പ്രഥമ വിദ്യാഭ്യാസമന്ത്രി മൗലാന അബ്ദുൽകലാം ആസാദ് പങ്കെടുത്തിരുന്ന കോൺഗ്രസ് സമ്മേളനം പറപ്പൂരിന്റെ മണ്ണിൽ നടന്നത് ഈ പ്രദേശത്തെ ചരിത്രത്തിന് ഒരു പൊൻതൂവലായി.

സ്വാതന്ത്ര്യസമരപോരാളികളുടെ രക്തം വീണ് ചുവന്ന മണ്ണാണ് പറപ്പൂർ പഞ്ചായത്തിലെ കുഴിപ്പുറത്തിന്റേത്. ദീർഘദർശികളായ മൂന്ന് ഗുരുശ്രേഷ്ഠർ കുഴിപ്പുറം മദ്രസയിൽ 1974–ൽ ഒരു വിദ്യാലയത്തിന് തുടക്കം കുറിച്ചു. ഹെഡ്മാസ്റ്റർ കറുമണ്ണിൽ മൊയ്തീൻമാസ്റ്റർ, അറബി അധ്യാപകൻ പി.കെ.കുഞ്ഞിമുഹമ്മദ് മാസ്റ്റർ, ഉർദു അധ്യാപകൻ യു.കെ. ചേക്കുട്ടി മാസ്റ്റർ എന്നിവരായിരുന്നു ആ മഹാഗുരുക്കൻമാർ.

പൗരപ്രമുഖൻ എ.എ.മൂസഹാജി, പി.ടി.എ. പ്രസിഡണ്ട് തഹസിൽദാർ കമ്മൂട്ടി സാഹിബ് എന്നിവരുടെ നേതൃത്വത്തിൽ 1974–ൽ മൂന്ന് ക്ലാസ് മുറികൾ കുഴിപ്പുറം കവലയിൽ ഉണ്ടാക്കി വിദ്യാഭ്യാസ മന്ത്രിയായിരുന്ന ചാക്കീരി അഹമ്മദ് കുട്ടി സാഹിബിനെ കണ്ട് അംഗീകാരത്തിന് അപേക്ഷ സമർപ്പിച്ചു. 1975–ൽ ക്ലാസ്മുറികൾ ആറായി. അഞ്ച് ക്ലാസ് മുറികൾ വിദ്യാർത്ഥികൾക്കും ഒരു ക്ലാസ് റൂം ഓഫീസ് കംസ്റ്റാഫ് റൂമായി പ്രവർത്തിച്ചു. 1976–ൽ കമ്മൂട്ടി സാഹിബിന്റെയും മൂസഹാജിയുടെയും മൊയ്തീൻ മാസ്റ്ററുടെയും വീട്ടുപറമ്പിൽ നിന്നും മുള, കവുങ്ങ് എന്നിവ ശേഖരിച്ച് മൂന്ന് ക്ലാസ് മുറികൾ കൂടി പണിതു. പ്രസ്തുത വർഷം ഓരോ ക്ലാസിലും അറുപത് എഴുപത് കുട്ടികൾ വീതം പഠിച്ചിരുന്നു. അന്ന് കുട്ടികൾക്ക് ക്ലാസ് മുറി സൗകര്യം കുറവായിരുന്നു.

സ്കൂൾ കോമ്പൗണ്ടിനടുത്തുള്ള കുന്നത്ത് ബീരാൻകുട്ടി സാഹിബിന്റെ തൊടിയിൽ നിറയെ മാവുകളും കശുമാവുകളും ഉണ്ടായിരുന്നു. അതിന് ചുവട്ടിൽ കുട്ടികളെ ഇരുത്തി ഒരു കല്ലെടുത്ത് അധ്യാപകൻ അതിൽ ഇരുന്നു ക്ലാസുകൾ നയിച്ചു. ഈ രീതി കുറെ നാൾ തുടർന്നു. ക്ലാസ് തറ സിമന്റിടാനുള്ള ചെലവും അവർ സ്വന്തമായി കണ്ടെത്തി. ഓരോ വർഷവും ഈ ഷെഡുകൾ പൊളിച്ചു കെട്ടുന്നതിന് ധാരാളം അദ്ധ്വാനവും ഭൗതിക വസ്തുക്കളും ആവശ്യമായിരുന്നു. മാനത്ത് മഴക്കാറ് ഉരുണ്ടു കൂടുമ്പോൾ അധ്യാപകരുടെ നെഞ്ചിൽ തീയായിരുന്നു. സ്ഥലപരിമിതി കണക്കിലെടുത്ത് സ്വാഭാവികമായും കുട്ടികളെ നേരത്തെ പറഞ്ഞു വിടും.

ഇത്തരത്തിലുള്ള പരിമിതികളെ നേരിട്ടുകൊണ്ട് തന്നെ ഒരു കെട്ടിടത്തിനു വേണ്ടി പല വാതിലുകളും മുട്ടിയെങ്കിലും ഒരു പ്രയോജനവും ഉണ്ടായില്ല. എന്നിട്ടും അവർ നിരാശരായില്ല. തലസ്ഥാന നഗരിയിൽ രണ്ട് കെട്ടിടങ്ങൾക്കായി അപേക്ഷ നൽകി. 1985–ൽ ഒരു കെട്ടിടം പാസായി. കെട്ടിടത്തിന്റെ പണി ഏറ്റെടുക്കാൻ കോൺട്രാക്ടറെ കിട്ടിയില്ല. പി.ടി.എ പ്രസിഡണ്ടും ഹെഡ്മാസ്റ്ററും കൂടി സ്ഥലം എം.എൽ.എ. പി.കെ. കുഞ്ഞാലിക്കുട്ടി സാഹിബിന്റെ സഹായത്തോടെ ഒരു കോൺട്രാക്ടറെ പണി ഏൽപ്പിച്ചു. മുകളിലും താഴെയുമായി പത്ത് മുറിയുള്ള നല്ലൊരു കെട്ടിടം പണിതു കിട്ടി.



AnyScanner

അതിനുശേഷം 90 കാലഘട്ടത്തിൽ ചക്കരത്തൊടി മൊയ്തുട്ടിമാസ്റ്റർ പി.ടി.എ പ്രസിഡന്റായിരിക്കെ മൂന്ന് മുറികളുള്ള ഒരു ഷെഡ് ഉണ്ടാക്കി. തുടർന്ന് ചക്കരത്തൊടി ചേക്കുസാഹിബ് പി.ടി.എ പ്രസിഡണ്ടായിരിക്കെ മൂന്ന് മുറികളുള്ള ഒരു ഷെഡ് കൂടി ഉണ്ടാക്കി. മുളയും കവുങ്ങും പൈസയും പലരിൽ നിന്നായി സംഭാവന സ്വീകരിച്ചു. തുടർന്ന് ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളെ ഒരു കെട്ടിടത്തിനായി സമീപിച്ചു. നാല്വീതം ക്ലാസ് മുറികളുള്ള രണ്ട് കെട്ടിടങ്ങൾ ഈ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് അനുവദിച്ച് കിട്ടി. സ്കൂളിൽ 32 ഡിവിഷനുള്ള കുട്ടികൾ ഉണ്ടായിരുന്നുവെങ്കിലും സ്ഥല പരിമിതിമൂലം 28 ഡിവിഷനുകളായി തുടർന്നു.

യാത്രാസൗകര്യങ്ങളുടെ അപര്യാപ്തയും വിദ്യാർത്ഥി ബാഹുല്യവും കാരണം പുതുതായി നിയമനം ലഭിച്ച അധ്യാപകർ ആ സ്കൂളിൽ ചേരാതെ മറ്റു വിദ്യാലയങ്ങളിൽ ചേക്കേറുമായിരുന്നു. 2000 വരെയുള്ള കാലഘട്ടത്തിൽ ഒരു ക്ലാസിൽ 75 കുട്ടികൾ വീതം ഉണ്ടായിരുന്നു. പുതിയ കെട്ടിടങ്ങൾ വന്നതോടെ ഷെഡുകൾ പലതും പൊളിച്ചു നീക്കി. എസ്എസ്എ കെട്ടിടവും സ്റ്റേജ് കം ക്ലാസ് റൂമും അനുവദിച്ചു.

2010 ആയപ്പോഴേക്കും ഓരോ ക്ലാസിലും 45 കുട്ടികൾ വീതം പഠിക്കാനുള്ള സൗകര്യമായി. തുടർന്ന് ലഭിച്ച ഭൗതികസൗകര്യങ്ങൾ ജില്ലയിലെ മികച്ച യു.പി. സ്കൂളിന്റെ പദവിയിലേക്ക് ഉയർത്തി. പഠനം മധുരം പദ്ധതിയിൽ വിദ്യാലയത്തെ ഉൾപ്പെടുത്തി പുതുതായി വരുന്ന അധ്യാപകർ സന്തോഷത്തോടെ സ്കൂളിന്റെ ഭാഗമാകാൻ ശ്രമിച്ചു. ഈ നേട്ടങ്ങൾക്കെല്ലാം പിന്നിൽ പ്രവർത്തിച്ച മഹാനുഭാവരെ കൃതജ്ഞതാപൂർവ്വം നാം സ്മരിക്കേണ്ടതാണ്.

ദീർഘകാലം ഈ വിദ്യാലയത്തെ നയിച്ച പ്രധാനാധ്യാപകർ സർവ്വശ്രീ മൊയ്തീൻ മാസ്റ്റർ, ടി.കെ.വേലായുധൻ മാസ്റ്റർ, കുഞ്ഞാമുട്ടി മാസ്റ്റർ, സുകുമാരൻ മാസ്റ്റർ, സദാശിവൻ മാസ്റ്റർ, നളിനിടീച്ചർ, ആയിഷ ടീച്ചർ, കൊച്ചുട്ടി ടീച്ചർ, കോമുക്കുട്ടി മാസ്റ്റർ, മുഹമ്മദ് മാസ്റ്റർ, ശങ്കരൻ കുട്ടി മാസ്റ്റർ, ഹൈദ്രുമാസ്റ്റർ, പി അഹമ്മദ് മാസ്റ്റർ ഇവരെ നന്ദിയോടെ സ്മരിക്കുന്നു. ഇപ്പോൾ സീനിയർ അധ്യാപകൻ ശ്രീ.പി. കുഞ്ഞിമുഹമ്മദ് മാസ്റ്റർ വിദ്യാലയത്തെ നയിക്കുന്നു.

ഇന്ന് കെട്ടിടസൗകര്യങ്ങൾക്കൊപ്പം അക്കാദമിക് സൗകര്യങ്ങളിലും വിദ്യാലയം വൻ മുന്നേറ്റം നടത്തിയിട്ടുണ്ട്. ജില്ലയിലെ തന്നെ ഏക ജി.പി.എസ് നിയന്ത്രിത ടെലസ്കോപ് ഉള്ള വാനനിരീക്ഷണകേന്ദ്രം, കമ്പ്യൂട്ടർ പഠനകേന്ദ്രം, പെൺകുട്ടികൾക്ക് മാത്രമായി വിശ്രമ മുറി, വിശാലമായ പ്ലേ ഗ്രൗണ്ട്, സ്കൂൾ ബസ്, ഇംഗ്ലീഷ് മീഡിയം ഡിവിഷൻ, ഉച്ചഭക്ഷണപരിപാടി തുടർന്ന് ധാരാളം സൗകര്യങ്ങൾ നമ്മുടെ വിദ്യാലയത്തിലുണ്ട്.

കേരളം പുതിയ വിദ്യാഭ്യാസ വിപ്ലവത്തിന്റെ പാതയിലാണ്. പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള സർക്കാറിന്റെ യജ്ഞത്തിൽ ചരിത്ര മുന്നേറ്റം നടത്താൻ നമ്മുടെ വിദ്യാലയവും ഒരുങ്ങുകയാണ്. അക്കാദമിക രംഗത്തുള്ള പരിമിതികൾ മുറിച്ച് കടക്കാൻ, ഈ അവസരം വിനിയോഗിക്കാൻ കഴിയുമെന്ന് നമുക്കെല്ലാവർക്കും പ്രത്യാശിക്കാം.

# STATISTICS

## Govt. UP SCHOOL MUNDOTHUPARAMB

## ESTD - 1974

**Sub District** : Vengara, **Block** : Vengara, **Panchayath** : Parappur

**Ednl Dist** : Tirurangadi, **Taluk** : Tirurangadi

**Area** : 2 acres 13 cents

**Accommodation**

**A Block** - 10 class room, **B Block** - 3 class room,

**C Block** - Stage+7 class room, **D Block** - 3 class room & Dining Hall

**E Block** - Store+3 class room, **F Block** - 2 class room

Stage - 1 Creative Room - 1

**Number of divisions sanctioned 2025-26**

Std V - 6, Std VI - 6, Std VII - 6

**Number of posts sanctioned 2025-26 27**

HM - 1, UPST - 17, FTJLT ARABIC - 3, FTJLT Hindi - 2,

FTJLT Urdu - 1, PET - 1, OA - 1, HTV - 1 (Temporary)

| No of Pupil 20252026 | | STD V | | STD VI | | STD VII | |
|---|---|---|---|---|---|---|---|
| | TOTAL | BOYS | GIRLS | BOYS | GIRLS | BOYS | GIRLS |
| Total Strength | 641 | 121 | 113 | 104 | 113 | 82 | 108 |
| Sixth Working day | 641 | 121 | 113 | 104 | 113 | 82 | 108 |
| SC/ST/OEC | 3 | 0 | 0 | 1 | 1 | 1 | 0 |
| MALAYALAM | 58 | 11 | 12 | 7 | 14 | 9 | 5 |
| ARABIC | 470 | 93 | 78 | 76 | 78 | 63 | 82 |
| URDU | 113 | 17 | 23 | 21 | 21 | 10 | 21 |

AnyScanner

# വിഷയമേഖലകൾ

## മാതൃഭാഷ

ഭാഷാവികാസം

ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളും അർഥപൂർണമായി വായിക്കുന്നു എന്നും എഴുതുന്നു എന്നും ഉറപ്പാക്കുക.
- എല്ലാ കുട്ടികളും ഓരോ പ്രായഘട്ടത്തിനും അനുയോജ്യമാം വിധം മികച്ച നിലയിൽ ആശയ വിനിമയം നേടി എന്ന് ഉറപ്പാക്കുക
- കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തുക
- സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
- ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവുനേടുക.
- ഭാഷാശേഷി വികാസത്തിനായി ആധുനിക സാങ്കേതിക-വിദ്യാസാധ്യതകളെ പ്രയോജനപ്പെടുത്തുക.

| | | | | |
|---|---|---|---|---|
| കുട്ടികളുടെ സാഹിത്യാഭിരു ചി വളർത്തുക.<br><br>സർഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരം ഒരു ക്കുക | (1). കുട്ടികളിലെ സാഹിത്യാഭിരുചി വർദ്ധി പ്പിക്കുന്നതിന് വിവിധ രചനാമത്സരങ്ങൾ സംഘടിപ്പിക്കാം.<br>ഉദാ: കഥ, കവിത, ഉപന്യാസം, ചിത്രം..... ഇവ ഉപയോഗിച്ച് പതിപ്പുകൾ തയ്യാറാക്കാം.<br>(1). സാഹിത്യാഭിരുചി വളർത്തുന്നതിന് അനു യോജ്യമായ ക്യാമ്പുകൾ സംഘടിപ്പി ക്കാം.<br>ക്യാമ്പ്- കഥാരചന, കവിതാരചന, ചിത്ര രചന നാടകം, നാടൻപാട്ട്.......<br>സർഗാത്മകത വികസിപ്പിക്കുന്നതിന് കുട്ടി കളുടെ രംഗവേദികൾ സംഘടിപ്പിക്കുന്നു. പാഠഭാഗങ്ങളുടെ ദൃശ്യാവിഷ്കാരം, നാടകാവിഷ്കാരം ഇവ നടത്തുന്നു. കവി താലാപനം സംഘടിപ്പിക്കുന്നു. കഥാരൂപ ത്തിലുള്ള ആവിഷ്കാരം നടത്തുന്നു. | വർഷത്തിൽ 2 പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി | 5000/- |
| രചനകൾ നവമാധ്യമങ്ങളി ലൂടെ പ്രസിദ്ധീകരിക്കുന്നു. | വിദഗ്ദ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് ശില്പ ശാല കൾ നടത്തുന്നു. മികച്ച രചനകൾ തെരഞ്ഞെ ടുക്കുന്നു. മികച്ച രചനകൾക്ക് സമ്മാനം നൽകുന്നു. | 2 മാസ ത്തിൽ ഒരി ക്കൽ | മലയാളം ക്ലബ്ബ് വിദ്യാരംഗം കലാ സാഹിത്യ വേദി | 4000/- |
| | ശില്പശാലകളിൽ രൂപപ്പെടുന്ന ഉത്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നു. കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കു ന്നു. | മാസത്തിൽ ഒരിക്കൽ | വിദ്യാരംഗം എസ്.ഐ.റ്റി. സി | 3000/- |



AnyScanner

| | | | | |
|---|---|---|---|---|
| കുട്ടികളുടെ ആകാശവാണി പഠനം തത്ത പ്രക്ഷേപിണി | വിശേഷദിനങ്ങൾ, ദിനാചരണങ്ങൾ ഇവയുമായി ബന്ധപ്പെട്ട പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുന്നു. നാട്ടുവാർത്തകൾ രാജ്യവാർത്തകൾ, ലോകവാർത്തകൾ, കൗതുക വാർത്തകൾ, കായിക വാർത്തകൾ ഇവയെല്ലാം ഉൾപ്പെടുത്താം. കുട്ടിക ളുടെ കലാപരിപാടികൾ (കഥ, കവിത, പാട്ട്, നാടകം................) ഉൾപ്പെടുത്തുന്നു. വിജ്ഞാന വീഥി എന്ന പേരിൽ കുട്ടികളുടെ അറിവു വർദ്ധിപ്പിക്കുന്ന വാർത്തകൾ ദിവസവും ഉൾപ്പെടുത്തുന്നു. പ്രഭാഷ ണങ്ങൾ അറിയിപ്പുകൾ ഇവ ചേർക്കുന്നു. മലയാളത്തിളക്കം പോലുള്ള നിലവിലെ പദ്ധതികൾ മെച്ചപ്പെടുത്താം. | ദിവസവും | കുട്ടികൾ | ............. |
| ഭാഷാശേഷി വികസനത്തിന് ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. | പാഠഭാഗവുമായി ബന്ധപ്പെട്ട നാടകങ്ങൾ, കഥകൾ, ഹ്രസ്വചലച്ചിത്രം, ഡോക്യുമെന്ററികൾ ഇവ പ്രോജക്ടറിനെ സഹായത്താ ൽ കുട്ടികൾക്ക് കാണാൻ അവസരം നൽകുന്നു. സ്മാർട്ട് ക്ലാസ് റും പ്രയോജന പ്പെടുത്തുന്നു. എല്ലാ ക്ലാസ് മുറികളും സ്മാർട്ട് ക്ലാസ്സ് മുറികൾ ആക്കേണ്ടതുണ്ട്. അത്യാവശ്യം ഒരു ക്ലാസ്സിലേക്ക് ഒരു ലാപ്ടോപ്പ് എങ്കിലും അനുവദിച്ചു കിട്ടണം. | ആവശ്യമനുസരിച്ച് | മലയാളം അധ്യാപകൻ | 500000/– |

## പിന്നാക്ക വിഭാഗകക്കാർക്കുള്ള പ്രത്യേക പരിശീലനം

മലയാള ഭാഷയിൽ പിന്നാക്കം നില്ക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക ക്ലാസ്സുകൾ നൽകുന്നു. മലയാളത്തിളക്കത്തിന്റെ ഭാഗമായി അവർക്ക് പ്രാരംഭ പ്രവർത്തനം നൽകി അതിൽ നിന്ന് പിന്നാക്കക്കാരെ തെരഞ്ഞെടുത്തു. ഇതിന്റെ അടിസ്ഥാനത്തിൽ 5 ദിവസം അവർക്ക് മലയാളതിളക്കം മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ ക്ലാസ്സ് നൽകി. തുടർന്ന് 20 ദിവസം, ദിവസം 1 മണിക്കൂർ വീതം ക്ലാസ്സ് നൽകി. അക്ഷരം അറിയുന്നവരിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ ഉദ്ദേശിച്ച്, മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നതിനും, വായനയിൽ പിന്നാക്കം നിൽക്കുന്നവരെ അത്യാവശ്യം വായിക്കാൻ പ്രാപ്തരാക്കുകയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. കൂടാതെ ഓരോ ക്ലാസ്സിലും അക്ഷരവെളിച്ചം പദ്ധതി നടപ്പാക്കുന്നു.

കുട്ടികൾക്ക് ചെറിയ വാക്കുകളിൽ തുടങ്ങി വാക്യങ്ങളിലെത്തുന്ന പ്രവർത്തനങ്ങൾ വീഡിയോ ചിത്രങ്ങളുടെ സഹായത്താൽ നടത്തുന്നു. ചിത്രത്തിൽ കണ്ട കാര്യങ്ങൾ അധ്യാപകൻ പറയുന്നു. കുട്ടികൾ അവയുടെ പേര് എഴുതുന്നു. അധ്യാപകൻ ബോർഡിൽ എഴുതിയതിനുശേഷം കുട്ടികൾ എഴുതിയത് പരിശോധിക്കുന്നു. തെറ്റുകൾ തിരുത്തി എഴുതുന്നു. തുടർന്ന് വായിക്കുന്നു. തെറ്റാതെ എഴുതുകയും വായിക്കുകയും ചെയ്യുന്നവർക്ക് പ്രോത്സാഹനമായി സ്റ്റാറുകൾ നൽകുന്നു. പാട്ടുകൾ, കഥകൾ, കളികൾ എല്ലാം ഉൾപ്പെടുത്തുന്നു.



AnyScanner

# ENGLISH

## ആമുഖം

അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി വിവിധ സബ്ജക്ട് കൗൺസിലുകൾ കൂടി പ്രവർത്തനങ്ങ ചർച്ച ചെയ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇംഗ്ലീഷ് സബ്ജക്ട് കൗൺസിൽ തീരുമാനിച്ച ലക്ഷ്യങ്ങള പ്രവർത്തനങ്ങളും.

## ലക്ഷ്യങ്ങൾ

* ഇംഗ്ലീഷ് ഭാഷയോട് കുട്ടികൾക്ക് താൽപര്യം വർദ്ധിപ്പിക്കുക.
* ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിന് കൂടുതൽ അവസരങ്ങൾ ലഭിക്കുക.
* ഇംഗ്ലീഷ് പദങ്ങൾ ശരിയായ ഉച്ചാരണത്തോടെ വായിക്കുന്നതിനും അക്ഷരത്തെറ്റില്ലാതെ എഴുതുന്നതിനും പ്രാപ്തരാക്കുക.
* സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ഇംഗ്ലീഷ് ഭാഷ കൂടുതൽ അനുഭവവേദ്യമാക്കുക.
* ഇംഗ്ലീഷിലുള്ള സർഗാത്മക സൃഷ്ടികൾ രചിക്കുന്നതിന് അവസരം ലഭിക്കുക.

AnyScanner

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകുക.<br><br>ഇംഗ്ലീഷിൽ ആത്മ വിശ്വാസത്തോടെ ആശയ വിനിമയം നടത്തുന്നതിന് പ്രാപ്തരാക്കുക | ചില പ്രധാന ദിനാചരണങ്ങളുമായി ബന്ധപ്പെടുത്തി ഇംഗ്ലീഷ് ക്ലബ്ബിനു കീഴിൽ വിവിധ മത്സരങ്ങൾ നടത്തുകയും വിജയികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്യുക. പ്രസംഗ മത്സരം, പോസ്റ്റർ രചന, ആശംസാ കാർഡ് നിർമ്മാണം മുതലായവയാണ് പ്രവർത്തനങ്ങൾ | വർഷത്തിലെ പ്രധാന ദിനങ്ങളിൽ | ഇംഗ്ലീഷ് ക്ലബ്ബ് | S.M.C/ Sponsor (2500/-) |
| 2. | *വൊക്കാബുലറി വികസനം<br>* ശരിയായ ഉച്ചാരണം പരിശീലിക്കൽ | **ദിനം പ്രതി ഒരു വാക്ക്**<br>(Word of the day)<br>എല്ലാ ദിവസവും അസംബ്ലിയുടെ അവസാനത്തിൽ ഒരു ഇംഗ്ലീഷ് വാക്ക് പരിചയപ്പെടുത്തൽ. യഥാർത്ഥ ഉച്ചാരണം നേരിട്ടു കേൾക്കാൻ അവസരം ലഭിക്കുന്ന തരത്തിൽ ആയിരിക്കും ഇത് അവതരിപ്പിക്കുക. അതോടൊപ്പം Spelling, Meaning എന്നിവയും കേൾപ്പിക്കുന്നു. ശേഷം കുട്ടികൾ ക്ലാസിലെ ചാർട്ടിലും അവരവരുടെ നോട്ടുബുക്കിലും ഇതെഴുതി പഠിക്കുന്നു. കൂടാതെ സ്കൂളിന്റെ ഇംഗ്ലീഷ് ക്ലബ് നോട്ടീസ് ബോർഡിൽ ഇത് എഴുതി പ്രദർശിപ്പിക്കുന്നു. | എല്ലാ പ്രവൃത്തി ദിനങ്ങളിലും | ഇംഗ്ലീഷ് ക്ലബ്ബ് | |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 7. | • സാങ്കേതിക വിദ്യാ സാധ്യതകൾ ഇംഗ്ലീഷ് പഠനത്തിൽ പ്രയോജനപ്പെടുത്തുക.<br>• ഇംഗ്ലീഷ് ഭാഷ അനുഭവവേദ്യമാക്കുക | **Language Laboratory**<br>ഇംഗ്ലീഷ് ഭാഷയിലുള്ള വിവിധ Programme കൾ കാണുന്നതിനും കേൾക്കുന്നതിനും അവസരം ലഭിക്കുന്ന സംവിധാനം. Smart Class room ഉപയോഗപ്പെടുത്തി സംഭാഷണങ്ങൾ, പ്രസംഗങ്ങൾ, നാടകങ്ങൾ, കഥാവിഷ്കാരങ്ങൾ, പാഠഭാഗങ്ങൾ എന്നിവ വീക്ഷിക്കാൻ അവസരം കിട്ടുന്നു. കൂടാതെ, ഓൺലൈനിലൂടെയും ഡൗൺലോഡ് ചെയ്തും വിദഗ്ധരുടെ ഭാഷാ പരിശീലന ക്ലാസുകൾ ലഭിക്കുന്നതിന് അവസരമൊരുക്കുന്നു. ഇങ്ങനെ ഇംഗ്ലീഷ് ഭാഷ സ്വായത്തമാക്കുന്നതിനും അത് നിഷ്പ്രയാസം കൈകാര്യം ചെയ്യുന്നതിനും കുട്ടികളെ പ്രാപ്തരാക്കുന്ന ഒരു പ്രവർത്തനമാക്കി മാറ്റാൻ നമുക്ക് കഴിയണം. അതിനായി ഓരോ ക്ലാസ്റൂമും സർവ സജ്ജീകരണങ്ങളുമുള്ള സ്മാർട്ട് ക്ലാസ് മുറികളാക്കി മാറ്റേണ്ടതുണ്ട്. | ഘട്ടം ഘട്ടമായി എല്ലാ ക്ലാസിലും | S.M.C | 15,00,000/- ഗവൺമെന്റ്, ത്രിതല പഞ്ചായത്ത്, സ്പോൺസർഷിപ്പ് |
| 8. | ഇംഗ്ലീഷ് സ്വതന്ത്രമായ ഭാഷണം<br>ദൈനംദിനാനുഭവങ്ങളിൽ ഇംഗ്ലീഷ് ഭാഷാ പ്രയോഗം. | **English Fest**<br>പ്രത്യേകം തെരഞ്ഞെടുത്ത പ്രോഗ്രാമുകൾ ഉൾപ്പെടുത്തി ഒരു ദിവസം English Fest നടത്തുക. അസംബ്ലി, Daily Quiz, നിർദ്ദേശങ്ങൾ etc ഇംഗ്ലീഷിൽ നടത്തുക. | വർഷത്തിൽ മൂന്ന് പ്രാവശ്യം | ഇംഗ്ലീഷ് ക്ലബ്ബ് H.M, ക്ലാസ് അധ്യാപകർ | 5000/- |

AnyScanner

# ഉപഭാഷകൾ

(അറബി, ഉർദു, ഹിന്ദി)

**ആമുഖം:–**

സമീപകാലത്ത് കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്ത് ഉണ്ടായ ചലനങ്ങളിൽ എടുത്തുപറയേണ്ടത് പൊതുവിദ്യാലയങ്ങൾക്ക് ലഭിച്ച സ്വീകാര്യതയാണ്. പൊതു വിദ്യാഭ്യാസത്തെ സംരക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പാക്കിയ പരിഷ്കാരങ്ങളുടെ വിജയമായി ഇതിനെ കാണണം. സങ്കീർണ്ണമായ വർത്തമാന പരിസരങ്ങളിൽ ജീവിക്കേണ്ട പുതിയ തലമുറയെ വെല്ലുവിളികൾ ഏറ്റെടുക്കാൻ പ്രാപ്തരാക്കേണ്ടത് വിദ്യാഭ്യാസത്തിന്റെ ദീർഘകാല ലക്ഷ്യമാണ്. സമൂഹത്തിലെ പ്രാന്തവൽകൃത ജന വിഭാഗങ്ങളെ കൂടി ഉൾകൊള്ളുന്ന എല്ലാ തരത്തിലുള്ള വിവേചനങ്ങൾക്കുമെതിരായ മനോഭാവം വളർത്തി എടുക്കാൻ പര്യാപ്തമാവണം വിദ്യാഭ്യാസം.

ഒരു വ്യക്തിയുടെ ബുദ്ധിപരമായ വികാസത്തിനും ചിന്താശേഷിയുടെ വളർച്ചയ്ക്കും ആധാരമായിരിക്കുന്നത് ഭാഷയാണ്. ത്രിഭാഷാ പദ്ധതിയിൽ അധിഷ്ഠിതമായ വിദ്യാഭ്യാസത്തിന്റെ രൂപീകരണത്തിനു പിന്നിൽ പ്രവർത്തിച്ചിട്ടുള്ളത് ഈ ആശയമാണ്. അഞ്ചുമുതൽ പത്ത് വരെ ത്രിഭാഷാ പഠനമാണ് പൊതുവെ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ കേരളത്തിന്റെ സവിശേഷ സാഹചര്യങ്ങളിൽ നാലുഭാഷകൾ പഠിക്കാൻ കുട്ടികൾക്ക് അവസരം ലഭിക്കുന്നുണ്ട്. മാതൃഭാഷ, ഇംഗ്ലീഷ്, ഹിന്ദി എന്നിവയ്ക്ക് പുറമെ അറബിക്, ഉർദു, സംസ്കൃതം എന്നിവയിൽ ഒന്ന് പഠിക്കാനും ഇവിടെ അവസരമുണ്ട്. ഇതു മുഖേന അഞ്ച് മുതൽ ഏഴുവരെ പഠിച്ചിറങ്ങുന്ന വിദ്യാർത്ഥിയ്ക്ക് നാലു ഭാഷകളിൽ അനായാസം ആശയ സംവേദനം നാലുഭാഷകളിൽ അനായാസം ആശയ സംവേദനം നടത്താനുള്ള ശേഷി ഉണ്ടാവേണ്ടതുണ്ട്. മാതൃഭാഷയ്ക്ക് പുറമെ ഉപഭാഷധിഷ്ഠിതമായി നില നിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി വിദഗ്ധരുമായുള്ള ചർച്ചയ്ക്കുശേഷം വികസന പദ്ധതിക്കു രൂപം നൽകുകയാണ് ചെയ്തത്. അറബി, ഉർദു, ഹിന്ദി എന്നീ വിഷയത്തിന്റെ പദ്ധതിയുടെ കരട് ഇവിടെ സമർപ്പിക്കുന്നു. വിശദമായ ചർച്ചയ്ക്കു ശേഷം ആവശ്യമായ മാറ്റങ്ങൾ വരുത്തി നടപ്പിലാക്കുവാൻ നമുക്ക് കഴിയണം.

AnyScanner

## ഉപഭാഷാ പഠനം:- (അറബി, ഉർദു, ഹിന്ദി)

## ലക്ഷ്യങ്ങൾ

- ഉപഭാഷാ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക.
- ഉപഭാഷ പഠിക്കുന്ന എല്ലാകുട്ടികളും ഏഴാം ക്ലാസ് കഴിയുമ്പോഴേക്കും അവർ പഠിച്ച ഭാഷകൾ ഒഴുക്കോടെ വായിക്കാനും, എഴുതാനും അത്യാവശ്യം സാഹിത്യ രചനകൾ നടത്താനുമുള്ള ശേഷി ഉറപ്പാക്കുക.
- സ്കൂൾ വിട്ട് പുറത്തു വരുന്ന മുഴുവൻ കുട്ടികൾക്കും പഠിച്ച ഭാഷകൾ വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഭാഷകൾ സംസാരിക്കാൻ കഴിയും എന്ന് ഉറപ്പ് വരുത്തുക.
- ഉപഭാഷാ പഠനത്തിലൂടെ ജനാധിപത്യ മതേതരത്വമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക.
- വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കുവാനും ആസ്വദിക്കുവാനുമുള്ള കഴിവുകൾ നേടുക.
- എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കൈയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക.
- യു.എസ്.എസ്. പരീക്ഷയിൽ ഉന്നത വിജയം നേടുക.
- ഉർദു, അറബി, ഹിന്ദി ക്ലാസുകൾ ആധുനിക സൗകര്യമുള്ള ഹൈടെക് ക്ലാസ് റൂമുകളാക്കി മാറ്റുക.
- വിദ്യാലയത്തിലെ എല്ലാ കുട്ടികൾക്കും, അധ്യാപകർക്കും രക്ഷിതാക്കൾക്കും ഭാഷാ വിദ്യാഭ്യാസത്തെ കുറിച്ചുള്ളസാമാന്യ അവബോധം ഉണ്ടാക്കുക.
- ഗവേഷണാത്മക അധ്യാപനം ഉറപ്പുവരുത്തുക.

AnyScanner

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 11. | ഭാഷകളുമായി ബന്ധപ്പെട്ട പൊതുവാർത്തകൾ സ്കൂളിലെ എല്ലാ കുട്ടികളിലും എത്തിക്കുക. നോട്ടീസ് ബോർഡ് | അറബി, ഉർദു, ഹിന്ദി ക്ലബ്ബ് വാർത്തകളും വിവരങ്ങളും ഭാഷകളുമായി ബന്ധപ്പെട്ട പൊതുവാർത്തകളും സ്കൂളിലെ എല്ലാവരിലും എത്തിക്കാൻ അതതു ഭാഷകളിലെ ഭാഷാബോർഡ് സ്ഥാപിക്കൽ | ഒരു വർഷം | ഭാഷാ ക്ലബ്ബ് വിദ്യാർത്ഥികൾ | 3000/- ക്ലാസ് തല റിസോഴ്സ് ഗ്രൂപ്പ് |
| 12. | ഭാഷാപഠന സാഹചര്യം ലഭിക്കുന്നതിന് വേണ്ടി ഹൈടെക് ഭാഷാ ക്ലാസുകൾ | ഭാഷാ പഠന സാഹചര്യം ഒരുക്കും വിധം ഹൈ ടെക് ക്ലാസ് റൂം ഒരുക്കൽ, ചിത്രകഥാ ചാർട്ടുകൾ, സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ, മഹത് വചനങ്ങൾ, പ്രധാന ഈരടികൾ, ചുമർ ചിത്രങ്ങൾ, ഭാഷാ അക്ഷരങ്ങൾ, പദങ്ങൾ തുടങ്ങിയ ക്ലാസ് റൂം ചുമരുകളിൽ സജീകരിക്കൽ | രണ്ടു വർഷം | പഞ്ചായത്ത്, പി.ടി.എ | 100000/- പഞ്ചായത്ത് പി.ടി.എ |
| 13. | രക്ഷിതാക്കൾ ഭാഷാപഠന പ്രാധാന്യം തിരിച്ചറിയൽ രക്ഷാ കർതൃ ബോധവത്കരണ ക്ലാസ്സ് | ഭാഷാ പഠനത്തിൽ കുട്ടികളെ സഹായിക്കാനുതകും വിധം രക്ഷിതാക്കൾക്ക് ബോധവത്കരണ ക്ലാസ് സംഘടിപ്പിക്കുക.<br><br>ഭാഷാടിസ്ഥാനത്തിൽ പ്രദർശന വേളകൾ സംഘടിപ്പിക്കുക | ജൂലൈ-ഫെബ്രുവരി | ഭാഷാ ക്ലബുകൾ സബ്ജക്ട് കൗൺസിൽ, പി.ടി.എ | 2000/- |



AnyScanner

# അടിസ്ഥാനശാസ്ത്രം

**ലക്ഷ്യങ്ങൾ**

1. ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവങ്ങൾ ഒരുക്കുക.
3. ശാസ്ത്രപ്രക്രിയാ ശേഷികൾ വികസിപ്പിക്കുക, ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവുകൾ വർദ്ധിപ്പിക്കുക.
4. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുക.
5. ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാസാധ്യതകൾ ശാസ്ത്രപഠനവുമായി പ്രയോജനപ്പെടുത്തുക.
6. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ശാസ്ത്രവിഷയത്തിൽ താൽപര്യം ജനിപ്പിക്കുക.
7. പരീക്ഷണനിരീക്ഷണ പാടവം വളർത്തുക.
8. ശാസ്ത്ര അറിവിലൂടെ ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുക.



AnyScanner

| | | | | |
|---|---|---|---|---|
| പ്രവർത്തനം (4) | **ശാസ്ത്രലാബ്, ലൈബ്രറി ഇവയുടെ പരിപോഷണം** | | | |
| •ശാസ്ത്രപഠനം കൂടുതൽ ശാസ്ത്രീയമാക്കുക | - സ്കൂളിലെ ശാസ്ത്രലാബ് എല്ലാ വിധത്തിലും ആധുനീകരിക്കൽ<br>- പരമാവധി ശാസ്ത്ര പുസ്തകങ്ങളും ശാസ്ത്ര മാഗസിനുകളും ഒരുക്കുക.<br>- വേണ്ടുന്ന ഫർണിച്ചറുകളും മറ്റും ഒരുക്കുക | 1 വർഷം | School SRG PTA | 200000/- (സംഭാവനകൾ, പഞ്ചായത്ത്, SSA ) |
| പ്രവർത്തനം (5) | **പഠനോപകരണ നിർമ്മാണ ശില്പശാല** | | | |
| •കുട്ടികളിൽ ശാസ്ത്ര കൗതുകം വളർത്തൽ | തെരഞ്ഞെടുക്കുന്ന കുട്ടികളെ ഉപയോഗിച്ച് പരമാവധി ശാസ്ത്ര ഉപകരണങ്ങളും ചാർട്ടുകളും മറ്റും നിർമ്മിക്കൽ ഒരു വിദഗ്ധന്റെ മേൽനോട്ടത്തിൽ | 1 വർഷം | •സയൻസ് ക്ലബ്ബ് | 10000/- (PTA) |
| പ്രവർത്തനം (6) | **കുടിവെള്ള സംരക്ഷണ പ്രവർത്തനങ്ങൾ - സാമൂഹികം** | | | |
| ശുദ്ധമായ കുടിവെള്ളം എല്ലാ കുട്ടികൾക്കും ലഭ്യമാക്കുവാൻ | - മഴക്കുഴി നിർമ്മിക്കൽ<br>- മഴവെള്ള സംഭരണി<br>- കിണർജലം സംരക്ഷിക്കൽ<br>- ജല പരിശോധന<br>- ജല ശുദ്ധീകരണ പ്ലാന്റ് | ദീർഘകാലം | സയൻസ് ക്ലബ്ബ്, പി.ടി.എ | 2 ലക്ഷം പൊതു ജനങ്ങൾ |

AnyScanner

# സാമൂഹ്യ ശാസ്ത്രം

| | പ്രവർത്തനം | ലക്ഷ്യം | തുടർ പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | ചരിത്ര മ്യൂസിയം | -കുട്ടികളിൽ ചരിത്രാവബോധം വളർത്തൽ<br>-ചരിത്രപഠനവുമായി ബന്ധപ്പെട്ട വസ്തുക്കളുടെ ശേഖരണത്തിനും താൽപര്യം വളർത്തൽ | -പ്രാദേശികമായി ലഭ്യമാവുന്ന പുരാതന വസ്തുക്കൾ ശേഖരിക്കൽ<br>-പുരാവസ്തു പ്രദർശനം<br>-ചരിത്ര മ്യൂസിയങ്ങൾ സന്ദർശിക്കാൻ അവസരം നൽകൽ, പഠനയാത്രകൾ സംഘടിപ്പിക്കൽ, യാത്രാ വിവരണങ്ങൾ തയ്യാറാക്കൽ | ദീർഘ കാലം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് അധ്യാപകർ | 6 ലക്ഷം രൂപ (പഞ്ചായത്ത്) |
| 2. | സാമൂഹ്യശാസ്ത്ര ലാബ് | -സാമൂഹ്യ ശാസ്ത്രാഭിരുചി വളർത്തൽ<br>- ചരിത്ര ഗ്രന്ഥങ്ങളെ പരിചയപ്പെടൽ<br>- നിരീക്ഷണം, വിവര ശേഖരണം | -ചരിത്ര പുസ്തകങ്ങൾ ശേഖരിക്കൽ<br>-ഭൂപടങ്ങൾ, ഗ്ലോബ്, ചാർട്ടുകൾ, പട്ടികകൾ എന്നിവ സ്ഥാപിക്കൽ<br>-ഉദ്ധരണികൾ പ്രദർശിപ്പിക്കൽ<br>- മഹത് വ്യക്തികളെ പരിചയപ്പെടൽ | 2 വർഷം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 2 ലക്ഷം രൂപ (പഞ്ചായത്ത്) |

AnyScanner

| | പ്രവർത്തനം | ലക്ഷ്യം | തുടർ പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 3. | സ്മാർട്ട് ക്ലാസ് റൂം | -ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ ഉപയോഗിച്ചുള്ള പഠന പ്രവർത്തനങ്ങൾ.<br>-നേരറിവ് | -ഓരോ ക്ലാസ് മുറിയും ഡിജിറ്റൽ സൗകര്യമുള്ളതാക്കുക.<br>-LCD Projector<br>-Lap Top എന്നിവ സ്ഥാപിക്കുക.<br>-പഠന പ്രവർത്തനവുമായി ബന്ധപ്പെട്ട വീഡിയോകൾ, ഫോട്ടോകൾ എന്നിവയുടെ പ്രദർശനം. | ദീർഘ കാലം | P.T.A | 18 ലക്ഷം സർക്കാർ |
| 4. | ചുമർ ഭൂപടങ്ങൾ | -സ്ഥലങ്ങളുടെ സ്ഥാനം, ദിശ, വിസ്തൃതി എന്നിവ മനസ്സിലാക്കുന്നതിന് | - ക്ലാസ്സ് മുറികളിൽ 3D effect ലുള്ള ചുമർ ഭൂപടങ്ങൾ നിർമ്മിക്കൽ | ഹ്രസ്വകാലം | P.T.A | 50,000 രൂപ (പഞ്ചായത്ത്) |
| 5. | പഠനയാത്രകൾ | -പരിസ്ഥിതി അവബോധം സംരക്ഷണം<br>- ചരിത്ര ബോധം വളർത്തൽ<br>-സാമൂഹികാവബോധം വളർത്തൽ<br>-നേരറിവ്<br>-പ്രകൃതിയെ അടുത്തറിയൽ | -മ്യൂസിയങ്ങൾ, വൃദ്ധസദനങ്ങൾ എന്നിവ സന്ദർശിക്കൽ<br>-വനയാത്ര സംഘടിപ്പിക്കൽ<br>-ചരിത്രസ്മാരകങ്ങളിലേക്കുള്ള യാത്രകൾ | ഒരു വർഷം | സാമൂഹ്യ ശാസ്ത്രക്ലബ്ബ് കുട്ടികൾ | 20,000 രൂപ |

AnyScanner

# പ്രവർത്തന കലണ്ടർ 2025 - 26

## ജൂൺ

| | | |
|---|---|---|
| 02.06.2025 | പ്രവേശനോത്സവം | |
| 05.06.2025 | പരിസ്ഥിതി ദിനം | ലിജി ഗെയിൽസൺ |
| 18.06.2025 | സി.പി.ടി.എ | ജെയ്സി കെ ജോസ് |
| 19.06.2025 | വായന ദിനം | സുരജ ജെ ഐ |
| 26.06.2025 | ലഹരി വിരുദ്ധ ദിനം | നിസ്സ അഗസ്റ്റിൻ |
| 30.06.2025 | പി.ടി.എ ജനറൽ ബോഡി | മുരളീധരൻ എൻ ആർ |

## ജൂലൈ

| | | |
|---|---|---|
| 05.07.2025 | ബഷീർ ദിനം | മുരളീധരൻ എൻ ആർ |
| 11.07.2025 | ലോക ജനസംഖ്യാദിനം | സെറീന എ |
| 21.02.2025 | സി.പി.ടി.എ | അബ്ദുറഹ്മാൻ പി |
| 31.07.2025 | പ്രേംചന്ദ് ജയന്തി | അബ്ദുൽ മജീദ് പി |

## ആഗസ്റ്റ്

| | | |
|---|---|---|
| 06.08.2025 | ഹിരോഷിമ ദിനം | വിദ്യാരാജ് |
| 09.08.2025 | നാഗസാക്കി ദിനം | |
| 11.08.2025 | സി.പി.ടി.എ | സാബിറ കെ പി |
| 15.08.2025 | സ്വാതന്ത്ര്യ ദിനം | ആര്യപ്രഭ പി എസ് |
| 17.08.2025 | കർഷകദിനം (ചിങ്ങം 1) | സാബിറ കെ പി |
| 27.08.2025 | ഓണാഘോഷം | പ്രജിത പി |
| 29.08.2025 | ദേശീയ കായിക ദിനം | ലാലു സി പി |

## സെപ്റ്റംബർ

| | | |
|---|---|---|
| 05.09.2025 | അധ്യാപക ദിനം | റംഷീല കെ |
| 08.09.2025 | സാക്ഷരതാ ദിനം | മുഹ്സിന ഒ |
| 16.09.2025 | ഓസോൺ ദിനം | ജെയ്സി കെ ജോസ് |

## ഒക്ടോബർ

| | | |
|---|---|---|
| 02.10.2025 | ഗാന്ധിജയന്തി | സിന്ധു ടി കെ |
| 09.10.2025 | തപാൽ ദിനം | ആദർശ് വി |

## നവംബർ

| | | |
|---|---|---|
| 01.11.2025 | കേരളപ്പിറവി | സബ്ന പി |
| 09.11.2025 | ലോക ഉറുദു ദിനം | ഷംല ശിരിൻ എൻ |
| 14.11.2025 | ശിശുദിനം | മുഹമ്മദ് സിനാൻ പി |

## ഡിസംബർ

| | | |
|---|---|---|
| 03.12.2025 | ഭിന്നശേഷി ദിനം | റുഖിയ എൻ |
| 14.12.2025 | ഊർജ്ജസംരക്ഷണ ദിനം | ശുഭാദേവി ഡി |
| 18.12.2025 | അറബി ഭാഷ ദിനം | സാജിത സി.എം |
| 19.12.2025 | ക്രിസ്തുമസ് ആഘോഷം | സുരജ ജെ ഐ |

## ജനുവരി

| | | |
|---|---|---|
| 05.01.2026 | സി.പി.ടി.എ | നിസ്സ അഗസ്റ്റിൻ |
| 17.01.2026 | പഠനയാത്ര | ഷംല ശിരിൻ എൻ<br>ലാലു സി പി |
| 26.01.2026 | റിപ്പബ്ലിക് ദിനം | സനിത പി.കെ |

## ഫെബ്രുവരി

| | | |
|---|---|---|
| 28.02.2026 | ദേശീയ ശാസ്ത്ര ദിനം | സൽമ കെ.പി |

## മാർച്ച്

| | | |
|---|---|---|
| 01.03.2026 | വാർഷികം | സനിത പി.കെ |
| 21.03.2026 | ലോക വന ദിനം | അബ്ദുൽ മജീദ് പി |
| 22.03.2026 | ലോക ജലദിനം | ഷീജ ഇ |

## മറ്റു ചുമതലകൾ

| | |
|---|---|
| ഉച്ച ഭക്ഷണം | അബ്ദുൽ മജീദ് പി, സെറീന. എ |
| ഇലക്ഷൻ | സുമയ്യ പി |
| CWSN ചാർജ് | പ്രജിത പി |
| സ്കൂൾ ബസ് | ശുഭാദേവി ഡി |
| അച്ചടക്കം | ലാലു. സി.പി |
| കായികം | |
| കലാമേള | സാബിറ. കെ.പി, ആദർശ് വി, സനിത പി.കെ |
| എസ്.ആർ.ജി. കൺവീനർ | ജെയ്സി കെ ജോസ് |
| സ്റ്റാഫ് സെക്രട്ടറി | അബ്ദുറഹ്മാൻ പി |
| യു.എസ്.എസ് | മുരളീധരൻ എൻ ആർ |
| പി.ടി.എ പ്രസിഡന്റ് | [illegible] |
| പി.ടി.എ വൈസ് പ്രസിഡന്റ് | ഗഫൂർ ടി.സി |
| എം.പി.ടി.എ പ്രസിഡന്റ് | മുംതാസ് വി.പി |
| എസ്.എം.സി ചെയർമാൻ | റഫീഖ് കെ |
| എസ്.എം.സി വൈസ് ചെയർമാൻ | ഷരീഫ് എ.കെ |

AnyScanner

# ഗണിതം

ലക്ഷ്യങ്ങൾ

1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.

2. ഗണിതാഭിരുചി പ്രോത്സാഹിപ്പിക്കൽ

3. ഗണിതാന്തരീക്ഷമൊരുക്കൽ.

4. കുട്ടികളുടെ സർഗാത്മക പ്രദർശനങ്ങൾക്ക് അവസരമൊരുക്കൽ.

5. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.

6. ഓരോ ഘട്ടത്തിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.

7. ഗണിതപഠനം കൂടുതൽ രസകരമാക്കുക.

8. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.

AnyScanner

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ചതുഷ്ക്രിയകൾ എല്ലാ കുട്ടികൾക്കും ചെയ്യാൻ കഴിയുന്നു എന്ന് ഉറപ്പു വരുത്തൽ | ഗണിതകേളികളിലൂടെ ചതുഷ്ക്രിയകൾ ചെയ്യാനുള്ള ശേഷി കൈവരിക്കൽ. | ആഴ്ചയിൽ ഒന്ന് | ഗണിത അധ്യാപിക | - |
| 2. | കുട്ടികളിലെ ഗണിതാഭിരുചി പ്രോത്സാഹിപ്പിക്കൽ | ഗണിതവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ, മാസികകൾ ഇവയുടെ വായനയും വിശകലനും. ഗണിത പസിലുകൾ, ക്വിസുകൾ എന്നിവ നടത്തി സമ്മാനങ്ങൾ നൽകുന്നു. ഗണിത ശാസ്ത്രജ്ഞരെ പരിചയപ്പെടൽ | മാസത്തിൽ ഒന്ന് | ഗണിത ക്ലബ്ബ് | 2000/- |
| 3. | ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | ഗണിത ലാബ് സജ്ജമാക്കൽ. ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | SRG<br>ഗണിത ക്ലബ്ബ് | 10000/- |
| 4. | ഗണിതം മധുരതരമാക്കൽ | ക്ലാസ് റൂമുകളിൽ ഗണിത ആശയങ്ങളുടെ പ്രദർശനം (BALA). ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് ഗണിത പാർക്ക് സജ്ജീകരിക്കൽ | ഒരു പ്രാവശ്യം | പി.ടി.എ<br>ഗണിത അധ്യാപകർ | 5000/- |
| 5. | സർഗാത്മക പ്രദർശനങ്ങൾക്ക് അവസരം നൽകൽ | കൈയ്യെഴുത്ത് മാസികകൾ തയ്യാറാക്കി പ്രദർശിപ്പിക്കൽ. ഗണിത [illegible] | ആവശ്യാനുസരണം | ഗണിത ക്ലബ്ബ് | - |

AnyScanner

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 6. | ഗണിത ആശയങ്ങൾ കുട്ടികളിൽ ഉറപ്പിക്കൽ | ഗണിത ശിൽപശാല സംഘടിപ്പിച്ച് ഉൽപ്പന്നങ്ങൾ ഉൾപ്പെടുത്തി ഗണിത കിറ്റ് വിപുലീകരിക്കൽ. ഗണിത മേളകൾ സംഘടിപ്പിക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | 1000/- |
| 7. | രസകരമായ ഗണിതശാസ്ത്രപഠനവും കരചലനശേഷികളുടെ വികാസവും | ഒറിഗാമി, ടാൻഗ്രാം എന്നിവയിലൂടെ ഗണിതശേഷികൾ കൈവരിക്കാനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങളുടെ നിർമ്മാണം. ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ – പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ 2 | SRG ഗണിത ക്ലബ്ബ് | 1000/- |
| 8. | ഗണിത ആശയങ്ങൾ കുട്ടികളിൽ ഉറപ്പിക്കൽ ICT സാധ്യതകൾ പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട ആശയങ്ങൾ ഉറപ്പിക്കാൻ ജിയോജിബ്ര തുടങ്ങിയവ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്ന പ്രവർത്തനങ്ങൾ | ആവശ്യാനുസരണം | ഗണിത അധ്യാപിക | - |
| 9. | കുട്ടികളിൽ സംഖ്യാബോധം വളർത്തൽ | ഗണിത കേളികളിലൂടെ സംഖ്യാബോധം വളർത്തുന്ന പ്രവർത്തനങ്ങൾ | ആവശ്യാനുസരണം | ഗണിത അധ്യാപിക | - |
| 10. | ജ്യാമിതീയ ആശയങ്ങളുടെ പ്രദർശനത്തിന് അവസരം സൃഷ്ടിക്കുക | വിവിധ ജ്യാമിതീയ രൂപങ്ങൾ നിർമിച്ച് ക്ലാസ്റൂമുകളിൽ പ്രദർശിപ്പിക്കുക | ആവശ്യാനുസരണം | ഗണിത ക്ലബ്ബ് | 1000/- |




AnyScanner

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | സാമ്പത്തികം |
|---|---|---|---|
| * | എല്ലാ കുട്ടികളും ആരോഗ്യ കായിക വിദ്യാഭ്യാസത്തിലൂടെ മികച്ച കായിക ക്ഷമതയുള്ള വിദ്യാർത്ഥി കളായി പുറത്തി റങ്ങുക | * അദ്ധ്യയന വർഷാരംഭത്തിൽ Sports Equipments Purchase<br>* മെച്ചപ്പെട്ട കായിക പരിശീലന ത്തിന് സുരക്ഷിതമായ മൈതാനം.<br>* Sports Equipments സൂക്ഷിക്കാ -ൻ സുരക്ഷിതമായ മുറി | 5000<br>എസ്. എസ്.എ |
| * | കായിക പരിശീലനം കാര്യ ക്ഷമമാക്കൽ | * പെൺകുട്ടികൾക്ക് സൈക്കിൾ പരിശീലനത്തിനാവശ്യമായ സൈക്കിളുകൾ<br>* വൈകുന്നേരങ്ങളിൽ കുട്ടികൾ ക്കായുള്ള കായിക പരിശീലനം<br>* Volley Ball or Basket Ball എന്നീ Games പരിചയപ്പെടുത്തുന്ന തിന് Volley Ball Court or Basket Ball Court | 20000<br>എസ്.എസ്.എ<br>2000<br>പഞ്ചായത്ത് |
| * | പ്രോത്സാഹനം അവാർഡ്/ സമ്മാനം നൽകി ആദരിക്കൽ | * സ്കൂൾ തലം, ഉപജില്ലാതലം, ജില്ലാതലം, സംസ്ഥാന തലം വിജയികൾക്ക് ക്യാഷ് അവാ ർഡ് | 2000<br>പി.ടി.എ |



AnyScanner




GUPS MUNDOTHUPARAMBA - PLAN

AnyScanner

# ഉർദു അക്കാദമിക്
# മാസ്റ്റർ പ്ലാൻ- 2025-26

## യു പി. തലം

School: G.U.P.S Mundothuparamba.

Name of the Urdu Teacher: Shamla shirin-N

AnyScanner

# ആമുഖം

ഇന്ത്യയിൽ ജനിച്ച, ലോകത്താകമാനം പടർന്നുപന്തലിച്ച ഭാഷയാണ് ഉറുദു. ഇന്തോ ആര്യൻ ഭാഷ കുടുംബത്തിലെ പ്രധാനിയായ ഉറുദു, ഘഡീ ബോലി എന്ന ഭാഷയിൽ നിന്ന് ഉരുത്തിരിഞ്ഞു വന്നതാണ്.ഇന്ന് അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന സംഗീത സുന്ദരമായ ഭാഷ കൂടിയാണ് ഉറുദു. കഥകളുടെയും കവിതകളുടെയും ഭാഷ. ഹിന്ദുസ്ഥാനി സംഗീതത്തിന്റെ അന്തർധാരയായ ഉറുദു സംസ്കാരിക സമന്വയത്തിന്റെയും മാനവ സാഹോദര്യത്തിന്റെയും മതേതരത്വത്തിന്റെയും മുദ്രവാക്യം ഉയർത്തിപ്പിടിക്കുന്ന ഭാഷ കൂടിയാണ്.

........ ......................................................................സ്കൂളിൽ 2025-26 വർഷത്തിൽ ഉർദു ഭാഷാ പഠനവുമായി ബന്ധപെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക, ഭൗതിക, സാമൂഹ്യ പ്രവർത്തനങ്ങളും നിർദേശങ്ങളും താഴെ ചേർക്കുന്നു.

**പൊതു ലക്ഷ്യങ്ങൾ**

- ഉർദു ഭാഷ പഠനം ആയാസരഹിതവും രസകരവുമാക്കി ആസ്വാദന പഠനം കുട്ടികൾക്ക് സാധ്യമാക്കുക.
- ഉർദു ഭാഷ, സാഹിത്യം എന്നിവയുമായി ബന്ധപ്പെട്ട പൊതു വിജ്ഞാനം നേടുന്നതിനുള്ള സന്ദർഭം സൃഷ്ടിക്കുക.
- തൊഴിൽ അനുബന്ധ മത്സരപരീക്ഷകൾക്ക് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുക.
- ഉർദു ഭാഷ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക.
- ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഏഴാം ക്ലാസ് കഴിയുമ്പോഴേക്കും ഉർദു വായിക്കാനും കേട്ടെഴുതാനും അത്യാവശ്യം സാഹിത്യ രചനകൾ നടത്താനുമുള്ള ശേഷി ഉറപ്പാക്കുക.
- മുഴുവൻ കുട്ടികൾക്കും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉർദു ഭാഷ സംസാരിക്കാൻ കഴിയും എന്ന് ഉറപ്പുവരുത്തുക.
- ഉർദു ഭാഷാ പഠനത്തിലൂടെ ജനാധിപത്യ മതേതരത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക.
- വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക.
- എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക.
- ഉന്നത പഠനത്തിന് പോകുന്ന കുട്ടികൾക്ക് ആവശ്യമായ അക്കാദമിക നിലവാരം ഉണ്ടാക്കി എടുക്കുക.
- ഉർദു ഭാഷയെകുറിച്ച് സാമാന്യ അവബോധം വളർത്തിയെടുക്കുക.
- കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വളർത്തുകയും, രചനാ ശേഷികൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക.
- വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.

| നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | പഢോ ആഗെ ബഢോ<br>ഉർദു വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ,ബാലമാസികകൾ, ഉർദു പത്രങ്ങൾ,വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ. | വിവിധ ദിനാചരണങ്ങളിൽ | ഉർദു സബ്ജക്ട് കൗൺസിൽ | 1500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 2 | മേരെ അൽഫാസ്<br>ഉർദു കയ്യെഴുത്ത് മാഗസിൻ | രചനാ ശേഷി വളർത്തൽ, ഉർദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈ എഴുത്ത് എന്നീ ലക്ഷ്യ പൂർത്തീകരണത്തിനും, കുട്ടികളിലെ സർഗ്ഗാത്മകത | ടേം ൽ 1 വീതം | ഉർദു സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |

AnyScanner

| | | | | | | |
|---|---|---|---|---|---|---|
| | | വളർത്തുന്നതിനും വേണ്ടി കയ്യെഴുത്ത് മാസിക, ചുമർ പത്രിക നിർമ്മാണം ,വായന കാർഡ് നിർമ്മാണം | | | | |
| 3 | **e-ദുനിയ** ഉർദു ടൈപ്പിംഗ് | കുട്ടികൾക്ക് ഉർദു ടൈപ്പിംഗിൽ പരിശീലനം നൽകൽ. പ്രിന്റഡ് പതിപ്പുകൾ, വായന കാർഡ് തുടങ്ങിയവ തയ്യാറാക്കൽ. | ഒരു വർഷം | ഉർദു ക്ലബ്ബ് സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 4 | ഡിജിറ്റൽ മാഗസിൻ | കുട്ടികളിലെ രചനകൾ ഉൾപ്പെടുത്തി കൊണ്ട് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 2500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 5 | **ലിസാന-എ ഇൽമ്** പൊതുവിജ്ഞാനം | പൊതുവായതും ഉർദുവിലുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക. | ടേം ൽ 1 വീതം | ഉർദു ക്ലബ്ബ് | 200 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 6 | മുശാഇറ | ഉർദു ഗസലിനേയും ഹിന്ദുസ്ഥാനി സംഗീതത്തേയും അടുത്തറിയുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും മുശാഇറയും ഗസൽ സായാഹ്നവും സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 7000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 7 | **ഹം മിലേം** ഉർദുക്യാമ്പ് | കുട്ടികളിലെ രചനാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുതകും വിധം കവിത, കഥ, ഉപന്യാസ ക്യാമ്പുകൾ നടത്തുക. ഉർദു സാഹിത്യകാരന്മാരുടെ ക്ലാസുകൾ സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 10000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 8 | ഷോർട്ട് ഫിലിം | കുട്ടികളിലെ അഭിനയ കഴിവും, അവതരണ ശേഷിയും പരിപോഷിപ്പിക്കും വിധം വിവിധ വിഷയ സംബന്ധമായ ഷോർട്ട് ഫിലിമുകൾ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 6000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 9 | ഉർദുദിനം | ടാലന്റ് മീറ്റ് അക്ഷര മരം ഭാഷാ സെമിനാർ എന്റെ പതിപ്പ് | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 2000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 10 | വായന ആസ്വാദനം | കുട്ടി വായന , അമ്മയും-കുഞ്ഞും വായന ആസ്വാദന കുറിപ്പ് , പുസ്തക ചർച്ച ,ക്വിസ് മത്സരം ,മെഗാ ക്വിസ്. | ഒരു വർഷം | ഉർദു ക്ലബ്ബ് | 700 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| | തലാഷ് | പ്രാദേശിക പഠന യാത്രകൾ | | | | എച്ച്.എം, |

AnyScanner

| | | | | | | |
|---|---|---|---|---|---|---|
| 11 | | സംഘടിപ്പിക്കൽ | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 10000 | സബ്ജക്ട് കൗൺസിൽ |
| 12 | ദിനാചാരണങ്ങൾ | ഭാഷാ ശേഷി വളർത്തുന്നതിനുതകുന്ന രീതിയിൽ വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ. | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 13 | തൊഴിൽ നൈപുണി | തൊഴിൽ നൈപുണി വളർത്തുന്നതിന് വേണ്ടി വിവിധ പരിശീലനങ്ങൾ സംഘടിപ്പിക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 2000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 14 | **ഉർദു കൈ മോത്തിയാം** ഉർദു സാഹിത്യത്തെ പരിചയപ്പെടൽ | ഉർദു സാഹിത്യ രൂപങ്ങളെയും ഉർദു സാഹിത്യകാരന്മാരെയും പരിചയപ്പെടുത്തുന്ന പൊതുവേദി ഒരുക്കുക. ഉർദുവിലെ പ്രസിദ്ധരായ എഴുത്തുകാരുടെ രചനകൾ പരിചയപ്പെടുത്തുക | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |

AnyScanner



Prepared by:

**Staff Council & PTA**

**GUPS Mundothuparamba**

AnyScanner